**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5052

22.05.2017-ൽ മറുപടിക്ക്

## പോളിടെക്നിക്കുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. എം.ഉമ്മർ | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുക തീരെ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പോളിടെക്നിക്കുമായി ബന്ധപ്പെട്ട, കേന്ദ്ര വിഹിത പദ്ധതിയുടെ ഫണ്ട് നേടിയെടുക്കുന്ന കാര്യത്തിൽ സർക്കാർ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | |
| (സി) പോളിടെക്നിക്കുകളുടെ സമഗ്ര വികസന ത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) 45 സർക്കാർ പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, മെഷീനറികളും ഉപകരണങ്ങളും, ഫർണിച്ചറു കളും ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി 2900 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>സർക്കാർ പോളിടെക്നിക്കുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെ ചേർത്തി രിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>• ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലെ പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ട് ആധുനിക വ്യവസായ മേഖലയിലെ നൂതന അറിവുകൾ പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന തിനായി പരിശീലനം നൽകുന്ന ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ എന്ന പദ്ധതി.<br><br>• വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിഷയങ്ങളിലും സോഫ്റ്റ് സ്കിൽ വികസനത്തിനും |

പരിശീലനം നൽകുക എന്ന ലക്ഷ്യത്തോട്ട കൂടി ഫിനിഷിംഗ് സ്കൂൾ.

- വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിദ്യാഭ്യാസ മേഖല മെച്ചപ്പെട്ടുത്തുന്നതിനായി നടപ്പിലാക്കുന്ന ICT എന്ന പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ ക്ലാസ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറികൾ, ഡിജിറ്റൽ ഫാക്കൽറ്റി മുറികൾ, കാമ്പസ് നെറ്റ് വർക്കിംഗ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ.
- പോളിടെക്നിക്കുകളിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായുള്ള റെമഡിയൽ ക്ലാസുകൾ നടത്തുന്നതി നായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം.
- പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തൽ, പോളിടെക്നിക്കുകളുടെ വനിതാ ഹോസ്റ്റൽ നിർമ്മാണം, പോളിടെക്നിക്ക് വഴിയുള്ള സാമൂഹ്യ വികസനം, കമ്മ്യൂണിറ്റി കോളേജ് പദ്ധതി എന്നീ ഘടകങ്ങൾ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ.

Deepa

സെക്ഷൻ ഓഫീസർ